"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. -തൃശ്ശൂർ ജില്ല - ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് - കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ കടവല്ലൂർ അമ്പലം കോട്ടോൽ മുക്കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി - കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും - പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം മാപ്പാക്കിയും - അന്തിമ ബിൽ തുക അനുവദിയ്ക്കുന്നതിന് അനുമതി നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.459/2025/DMD    തീയതി,തിരുവനന്തപുരം, 04-07-2025

---

പരാമർശം:-

1. 01.02.2022 ലെ സ. ഉ. (സാധാ) നം. 86/2022/ഡി.എം.ഡി.
2. തൃശ്ശൂർ ജില്ലാകളക്ടറുടെ 24.06.2025 ലെ DCTSR/7261/2022-K4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം 9,60,000/- (ഒൻപത് ലക്ഷത്തിയറുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ കടവല്ലൂർ അമ്പലം കോട്ടോൽ മുക്കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ കരാർ ഏറ്റെടുക്കുവാൻ ഇ - ടെണ്ടറിലും റീ - ടെണ്ടറിലും ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും തുടർന്ന് ക്വട്ടേഷൻ പ്രകാരം കരാറിൽ ഏർപ്പെട്ടെങ്കിലും പ്രവൃത്തിക്ക് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത കുറവും കാരണം പ്രവൃത്തി സമയത്തിന് ആരംഭിക്കാനും പൂർത്തീകരിക്കാനും കാലതാമസം നേരിട്ടതെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി കരാറിലേർപ്പെടുന്നതിലുണ്ടായ കാലതാമസം സാധൂകരിച്ച് പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശിത കത്ത് പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാകളക്ടറുടെ ശിപാർശയും നിർവ്വഹണ

ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ കടവല്ലൂർ അമ്പലം കോട്ടോൽ മുക്കട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം അനുവദനീയമായ പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
ജില്ലാകളക്ടർ, തൃശ്ശൂർ
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം. DMB3/142/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 04-07-2025 16:41:03

പകർപ്പ്:- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്